പത്രക്കുറിപ്പ്

# പെട്രോൾ പമ്പിൽ നിന്നും ലാപ് ടോപ്പും പണവും കവർച്ച ചെയ്ത പ്രതി പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 68 പേർക്കെതിരെ നിയമനടപടി 17,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- പഴയ കാരയ്ക്കമണ്ഡപം ജംഗ്ഷനിലെ പെട്രോൾ പമ്പിൽ നിന്നും ലാപ് ടോപ്പും പണവും മോഷ്ടിച്ചയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നേമം മേലാംകോട് ഗുരുമന്ദിരത്തിനു സമീപം കുന്നുവിള മകം വീട്ടിൽ ജിതിൻ ജയകുമാർ (21) -നെയാണ് നേമം പോലീസ് അറസ്റ്റു ചെയ്തത്. ജനുവരി 17-ന് രാത്രിയാണ് മോഷണം നടന്നത്. പെട്രോൾ പമ്പിലെ ഗ്ലാസ്സ് ഡോർ ഇളക്കിമാറ്റി അകത്ത് കടന്ന പ്രതി വില പിടിപ്പുള്ള ലാപ്ടോപ്പും ആട്ടോമേഷൻ മോണിറ്ററും 6640/- രൂപയും മോഷ്ടിച്ചെടുക്കുകയായിരുന്നു. പെട്രോൾ പമ്പിലെ സി. സി. റ്റി. വി ദൃശ്യങ്ങൾ പരിശോധിച്ച് പോലീസ് നടത്തിയ വിപുലമായ അന്വേഷണത്തിൽ പ്രതിയെ



നേമം പോലീസ് അറസ്റ്റ് ചെയ്ത ജിതിൻ ജയകുമാർ (21)

തിരിച്ചറിയുകയും ചെയ്തു. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ അന്വേഷിച്ചു വരവെ ഫോർട്ട് അസി. കമ്മീഷണർ പി.എ.മുബാരക്കിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നേമം എസ്.ഐ അനീഷ് എബ്രഹാം, എ.എസ്. ഐ അനിൽ കുമാർ, സി.പി.ഒ മാരായ ബിമൽ മിത്ര, ബിജു, ലതീഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ കരമന, നേമം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലായി 6–ഓളം കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജാരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (15–02–2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 68 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 30 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്– 2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 35 പേരിൽ നിന്നും 17,500/– രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

# അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന വെള്ളനാട് അമ്മ ചാരിറ്റബിൾ ട്രസ്റ്റിലെ അന്തേവാസിയായ മോഹനൻ നായർ (66) എന്നയാളെ തിരുവനന്തപുരം കണ്ണാശുപത്രിയിൽ

ചികിത്സയ്ക്കായി ജനുവരി 27, രാവിലെ 10.30 മണിക്ക് എത്തിച്ച സമയം കണ്ണാശുപത്രി ന്യൂ ഒ.പി പരിസരത്തു നിന്നും കാണാതായിട്ടുള്ളതാണ്. കാണാതാകുമ്പോൾ ചാരനിറത്തിലുള്ള പാന്റും, ക്രീം കളർ ഷർട്ടും കറുത്ത കണ്ണടയും നീല നിറത്തിലുള്ള മാസ്കും ധരിച്ചിരുന്നു. വഞ്ചിയൂർ പോലീസ് ക്രൈം 96/2021 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്ന ഇയാളെക്കുറിച്ച് എന്തെങ്കിലും വിവരം അറിയുന്നവർ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.




| | | |
|---|---|---|
| വഞ്ചിയൂർ ഐ.എസ്.എച്ച്.ഒ | : | 9497987007 |
| വഞ്ചിയൂർ സബ് ഇൻസ്പെക്ടർ | : | 9497980031 |
| വഞ്ചിയൂർ പോലീസ് സ്റ്റേഷൻ | : | 0471-2461129 |

തിരുവനന്തപുരം സിറ്റി
15-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി